# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2896 — 07.12.2018 -ൽ മറുപടിയ്ക്ക്

### നെയ്യാറിന്റെ ബണ്ട് പുനർനിർമ്മിക്കുവാൻ നടപടി

ചോദ്യം
ശ്രീ. കെ.ആൻസലൻ

മറുപടി
കെ. കൃഷ്ണൻകുട്ടി
ജലവിഭവ വകുപ്പുമന്ത്രി

| | | | |
|---|---|---|---|
| എ) | നെയ്യാറ്റിൻകരയിലെ അമരവിള പുല്ലാമലയിലുള്ള നെയ്യാറിന്റെ ബണ്ട് തകർന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ബണ്ട് പുനർനിർമ്മിക്കുവാൻ ഇറിഗേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ സ്വീകരിച്ച നടപടി ഏതു അവസ്ഥയിലാണെന്ന് വ്യക്തമാക്കാമോ; | എ) & ബി) & സി) | ഉണ്ട്. ഏകദേശം 60 മീറ്ററോളം ബണ്ട് ഇടിഞ്ഞിട്ടുണ്ട്. ആയത് പുനർനിർമ്മിക്കുന്നതിലേയ്ക്കായി വിശദമായ പഠനം നടത്തി അനുയോജ്യമായ രൂപരേഖ ഉൾപ്പെടെ എസ്റ്റിമേറ്റ് സമർപ്പിക്കുവാൻ സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. നാശനഷ്ടങ്ങൾ സംബന്ധിച്ച വിഷയം ജലസേചനവകുപ്പിന്റെ പരിധിയിൽ വരുന്നതല്ല. |
| ബി) | ബണ്ട് പുനർനിർമ്മാണത്തിനുള്ള അടങ്കൽ തുക വ്യക്തമാക്കാമോ; അടങ്കൽ തുക അനുസരിച്ച് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; | | |
| സി) | പ്രസ്തുത ബണ്ട് തകർന്നതുമൂലമുണ്ടായ നാശനഷ്ടങ്ങൾ വ്യക്തമാക്കാമോ? | | |

**സെക്ഷൻ ഓഫീസർ**